കോളേജുകളിൽ യൂണിവേഴ്സിറ്റി യുവജനോൽസവവും നടക്കാൻ പോകുന്നില്ല. മാനേജുമെന്റുകളാണ് ഇപ്പോൾ ഇതൊക്കെ തീരുമാനിക്കുന്നത്. കോളേജുകൾ ഇപ്പോൾ ധ്യാനകേന്ദ്രങ്ങളും മയക്കുമരുന്നു കേന്ദ്രങ്ങളുമായി മാറിയിരിക്കുകയാണ്. ഇത് വിദ്യാഭ്യാസ മേഖലയിൽ വലിയ അരാജകത്വം ഉണ്ടാക്കും. അതുകൊണ്ട് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമത്തിൽ ഭേദഗതി വരുത്തി നിയമാനുസൃതമായി കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളും സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പുകളും നടത്തുന്നതിനുള്ള സംവിധാനം ഗവൺമെന്റുണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, കോളേജുകളിലെ രാഷ്ട്രീയ പ്രവർത്തനം പൂർണ്ണമായി നിരോധിക്കുന്ന കാര്യമൊന്നും ഗവൺമെന്റിന്റെ ചിന്തയിലില്ല. അത് ചെയ്യാനും പാടില്ല. ഇലക്ഷനെ സംബന്ധിച്ചിടത്തോളം ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാം. കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇത് വന്നത്. കോടതി ഇന്ന രീതിയിൽ മാത്രമേ ഇലക്ഷൻ നടത്താവൂ എന്ന് പറഞ്ഞു. അതിന് മാനേജുമെന്റുകൾക്ക് കോടതി സ്വാതന്ത്ര്യം കൊടുത്തു. സിംഗിൾ ബഞ്ച് കഴിഞ്ഞ് ഡിവിഷൻ ബഞ്ച് അത് ഹോൾഡ് ചെയ്തു. ഇപ്പോൾ ഇക്കാര്യം സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കോടതി ക്ളിയർ ചെയ്തുതരാതെ നമുക്ക് ഇടപെടാൻ പറ്റില്ല. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന ഒരു കേസിനെ സംബന്ധിച്ചിടത്തോളം, അതിന്റെ പരിധിയിൽ നിന്നുകൊണ്ട് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഗവൺമെന്റ് ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയാണ്. കോടതി പറഞ്ഞ ഒരു ഡയറക്ഷനെതിരായി ഗവൺമെന്റിന് ഒന്നും ചെയ്യാൻ പറ്റുകയില്ല. മറ്റ് കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം.

(7) തുടർ സാക്ഷരതാ പ്രേരക്മാർക്ക് നൽകിവരുന്ന പ്രതിഫലം

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന തുടർ സാക്ഷരതാ കേന്ദ്രങ്ങളിലെ പ്രേരക്മാരുടെ വേതനം വളരെ തുച്ഛമാണ്. കേവലം 700 രൂപയാണ് അവർക്ക് ഒരു മാസം പ്രതിഫലമായി ലഭിക്കുന്നത്. അവരുടെ സേവനം നല്ല രീതിയിൽ ത്രിതല പഞ്ചായത്തുകൾ ഇന്ന് ഉപയോഗപ്പെടുത്തി വരുന്നുണ്ട്. സാക്ഷരതാ പ്രവർത്തനത്തിലും ആരോഗ്യ സാംസ്കാരിക രംഗത്തുമെല്ലാം തന്നെ അവരുടെ പ്രവർത്തനം നല്ലതുപോലെ നടക്കുന്നുണ്ട്. അതോടൊപ്പം വികസന പ്രവർത്തനങ്ങളുടെ കാര്യങ്ങളിലും അവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പക്ഷേ അവർക്ക് തുച്ഛമായിട്ടുള്ള വേതനമാണ് ലഭിക്കുന്നത്. അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. തുടർ സാക്ഷരതാ പ്രവർത്തനത്തിന് നമ്മുടെ നാട്ടിൽ ഒരുപാട് സാധ്യതകളുണ്ട്. ആ സാധ്യതകൾ അവരെക്കൊണ്ട് ഉപയോഗപ്പെടുത്തണം. അതിന് അവരുടെ വേതനം വർദ്ധിപ്പിക്കണം. അവരെ സ്ഥിരപ്പെടുത്തുന്ന കാര്യം തന്നെ ആലോചിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് വേതനം വർദ്ധിപ്പിക്കാനും അവരെ സ്ഥിരപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, National Literacy Mission ആണ് തുടർ സാക്ഷരതാ പ്രേരക്മാർക്ക് remuneration തീരുമാനിക്കുന്നത്. ഇതൊരു All India pattern ആണ്; നമുക്ക് ഇവിടെ തീരുമാനിക്കാൻ പറ്റില്ല. അക്കാര്യം National Literacy Mission-നോട് നമുക്ക് ആവശ്യപ്പെടാം എന്നേ ഉള്ളൂ. ഇപ്പോൾ ഒരു അപകടം വന്നുപെട്ടത് പകുതി ഷെയർ സംസ്ഥാന ഗവൺമെന്റ് വഹിക്കണം. അത് നേരത്തേതിൽ നിന്നും വ്യത്യസ്തമാണ്.

മി. സ്പീക്കർ : എന്തോ സാങ്കേതിക തടസ്സംകൊണ്ട് യഥാസമയം കാശ് കിട്ടാതെ പോകുന്നുവെന്ന് പറഞ്ഞല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഗ്രാന്റ് ലഭിച്ചിരുന്നില്ല എന്നുള്ളതായിരുന്നു, ആ പ്രശ്നം തീർന്നു. 2004 ഡിസംബർ മാസം വരെയുള്ള പ്രതിഫലം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കി കാര്യങ്ങൾ National Literacy Mission-നുമായി take up ചെയ്യാവുന്നതാണ്. നമുക്ക് ഇവിടെ തീരുമാനമെടുക്കാൻ പറ്റില്ല.

(8) ഗണിതശാസ്ത്ര, ശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ 'എ' ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സർക്കാരിന്റെ ഗൗരവമായ പരിഗണനയ്ക്ക് വിധേയമാകുകയും തീരുമാനമെടുക്കുകയും ചെയ്യേണ്ട ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. യുവജനോത്സവങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. മാത്രമല്ല അവർക്ക് നൽകിവരുന്ന ക്യാഷ് അവാർഡുകളുടെ തുക 500 രൂപ, 400 രൂപ, 300 രൂപ എന്നുള്ളത് 1000 രൂപ, 600 രൂപ, 400 രൂപ എന്ന ക്രമത്തിൽ വർദ്ധിപ്പിക്കുകയുമുണ്ടായിട്ടുണ്ട്. സംസ്ഥാന സ്ക്കൂൾ കായിക മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും S.S.L.C. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാന തലത്തിൽ നടത്തുന്ന ഗണിത ശാസ്ത്രമേള, ശാസ്ത്രമേള, പ്രവർത്തി പരിചയമേള എന്നിവയിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയിൽ ഗ്രേസ് മാർക്ക് നൽകുന്നില്ല. കലാതിലകവും കലാ പ്രതിഭയുമൊക്കെ കിട്ടുന്നത് സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ്. എന്നാൽ ഗണിത ശാസ്ത്ര മേള, ശാസ്ത്ര മേള, പ്രവർത്തി പരിചയമേള ഇവയിൽ കഴിവു തെളിയിക്കുന്ന കുട്ടികൾ ഏറെയും സാധാരണ കുടുംബങ്ങളിൽ നിന്നു വരുന്നവരാണ്. കൂടാതെ മിടുക്കന്മാരുമാണ്. അധ്യാപകരുടേയും രക്ഷിതാക്കളുടേയും സഹായമുണ്ടെങ്കിലും സ്വന്തമായി ബുദ്ധി ഉപയോഗിക്കാൻ കഴിയുന്നവരാണ് ഈ മേളയിൽ പങ്കെടുക്കുന്നതും വിജയിക്കുന്നതും. മാറിയ പാഠ്യ പദ്ധതിയിൽ ഏറെ പ്രാധാന്യം ഈ മേഖലയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് യുവജനോത്സവങ്ങളിലെ വിജയികൾക്കും കലാമൽസരങ്ങളിലെ വിജയികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതുപോലെ ഗണിത ശാസ്ത്ര മേള, ശാസ്ത്ര മേള, പ്രവർത്തിപരിചയമേള ഇവയിൽ സംസ്ഥാനത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും 'എ' ഗ്രേഡ് ലഭിക്കുന്നവർക്കും S.S.L.C. പരീക്ഷയിൽ

LIBRARY ARCHIVES Kerala Legislative Assembly